# കേരള പബ്ലിക് സർവീസ് കമ്മീഷൻ
## ജില്ലാഓഫീസ്: തിരുവനന്തപുരം

നമ്പർ: ഡി.റ്റി.എഫ്(എസ്.എസ്.)(3) 3612/08 തിരുവനന്തപുരം,
കാറ്റഗറിനമ്പർ:134/05 തീയതി::23.10.2008.

## <u>വിജ്ഞാപനം</u>

*<u>വിഷയം:-</u> ലോവർ ഡിവിഷൻ ക്ലർക്ക് - പട്ടികജാതി/പട്ടികവർഗ്ഗക്കാരായ വിമുക്തഭടൻമാർക്കുവേണ്ടി മാത്രം - എൻ.സി.സി.വകുപ്പ് - തിരുവനന്തപുരം ജില്ല - സാധ്യതാ പട്ടിക- സംബന്ധിച്ച്:-*

****************

31.10.2005-ലെ ഗസറ്റ് വിജ്ഞാപന പ്രകാരം എൻ.സി.സി.വകുപ്പിൽ (തിരുവനന്തപുരം ജില്ല) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിമുക്തഭടൻ മാർക്കു മാത്രമായി ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികയ്ക്കായി 25.08.2007-ൽ നടത്തിയ ഒബ്ജക്ടീവ് മാതൃകയിലുള്ള (ഒ.എം.ആർ) പരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്കുലിസ്റ്റിൽ താൽക്കാലികമായി ഉൾപ്പെടുത്തുവാൻ പരിഗണിക്കപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പരുകൾ ചുവടെ ചേർക്കുന്നു. പരീക്ഷാ രജിസ്റ്റർ നമ്പരിൻെറ ക്രമത്തിൽ മാത്രമാണ് ഈ നമ്പരുകൾ പ്രസിദ്ധീകരിക്കുന്നത് യാതൊരു കാരണവശാലും ഈ ക്രമീകരണം പരീക്ഷയുടെ റാങ്ക്ക്രമത്തെ സൂചിപ്പിക്കുന്നില്ല. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് മുൻപ് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളുടെ ജനനത്തീയതി, സമുദായം, യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. ടി തസ്തികയ്ക്കായി 25.08.2007-ൽ നടത്തിയ ഒ.എം.ആർ പരീക്ഷയ്ക്ക് ഹാജരായ മുഴുവൻ ഉദ്യോഗാർത്ഥികളെയും ഈ സാദ്ധ്യതാ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിന് മുന്നോടിയായി സാദ്ധ്യതാ പട്ടികയിലുള്ള ഉദ്യോഗാർത്ഥികളുടെ ജനനത്തീയതി, ജാതി, വിദ്യാഭ്യാസ യോഗ്യത, മറ്റു യോഗ്യതകൾ മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ അസ്സൽ, പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. ആയതിനുള്ള തീയതി, സമയം, സ്ഥലം, എന്നിവ വിജ്ഞാപനത്തിൻെറ കൂടെ പ്രസിദ്ധം ചെയ്തിട്ടുണ്ട്. ഉദ്യോഗാർത്ഥികൾ അന്നേ ദിവസം അസ്സൽ പ്രമാണങ്ങളും സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പുകളും സഹിതം സ്വന്തം ചെലവിൽ നേരിട്ട് ഹാജരാകേണ്ടതാണ്. ആയതിലേക്ക് വ്യക്തിഗത മെമ്മോ അയയ്ക്കുന്നതാണ്. പട്ടികയിൽ രജിസ്റ്റർ നമ്പരുകൾക്ക് മുൻപായി "T" എന്ന് ചേർത്ത് വായിക്കേണ്ടതാണ്.

### *<u>മുഖ്യപട്ടിക</u>*

| | | | |
|---|---|---|---|
| 200 001 | 200 003 | 200 005 | 200 008 |
| 200 010 | 200 015 | 200 026 | 200 027 |

***കുറിപ്പ്:-*** (1) അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ ഈ ലിസ്റ്റിൽ രജിസ്റ്റർ നമ്പരുകൾ ഉൾപ്പെടുത്തിയിരിക്കുന്നത് തികച്ചും സോപാധികമായിട്ടാണ്. ഈ ലിസ്റ്റിൽ രജിസ്റ്റർ നമ്പരുകൾ ഉൾപ്പെട്ടിട്ടുണ്ട് എന്നതു കൊണ്ടു മാത്രം റാങ്ക് ലിസ്റ്റിൽ ചേർക്കപ്പെടാൻ ഉദ്യോഗാർത്ഥികൾക്ക് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

(2) ഉദ്യോഗാർത്ഥികൾ അപേക്ഷയിൽ നൽകിയിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ ഈ ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. പിന്നീട് ഉന്നയിക്കുന്ന അവകാശങ്ങളൊന്നും യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

(3) അസ്സൽ സർട്ടിഫിക്കറ്റുകളുടെ പരിശോധനയ്ക്ക് നേരിട്ട് ഹാജരാകാത്ത ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പരുകൾ ഈ ലിസ്റ്റിൽ നിന്നും മറ്റൊരറിയിപ്പ് കൂടാതെ നീക്കം ചെയ്യുന്നതാണ്.

(4) ഉദ്യോഗാർത്ഥികൾ അവരുടെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ രണ്ട് പകർപ്പുകളും ഹാജരാക്കേണ്ടതാണ്.

(5) വിമുക്തഭടൻമാർ അവർക്കായുള്ള പ്രത്യേക ആനുകൂല്യങ്ങൾ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകളും പകർപ്പുകളും ഹാജരാക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ നേരിട്ട് അല്ലാതെ ഹാജരാക്കുന്ന രേഖകൾ സ്വീകരിക്കുന്നതല്ല.

(6) അസ്സൽ രേഖകളും പകർപ്പുകളും ഹാജരാക്കുന്നതിന് കൂടുതൽ സമയം അനുവദിക്കുകയോ വീണ്ടും ഒരവസരം നൽകുകയോ ചെയ്യുന്നതല്ല. ആകയാൽ അവസരം നഷ്ടപ്പെടാതിരിക്കാൻ ഉദ്യോഗാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

## ***ഉദ്യോഗാർത്ഥികൾ ഹാജരാക്കേണ്ട പ്രമാണങ്ങൾ***

(1) **ജനനത്തീയതി:** എസ്.എസ്.എൽ.സിയുടെ ബന്ധപ്പെട്ട പേജ് അല്ലെങ്കിൽ തത്തുല്യമായ സർട്ടിഫിക്കറ്റ് (അസ്സലും പകർപ്പും)

(2) **വിദ്യാഭ്യാസയോഗ്യത:** എസ്.എസ്.എൽ.സിയുടെ മാർക്ക് ലിസ്റ്റ് (അസ്സലും പകർപ്പും)

(3) **<u>ജാതി/സമുദായം</u>** (സംവരണാനുകൂല്യത്തിന്):

ജാതി സർട്ടിഫിക്കറ്റ് (അസ്സലും പകർപ്പും) (രണ്ട് കോപ്പികൾ)

(4) **<u>വിമുക്ത ഭടൻമാർ</u>**: നിശ്ചിത സേവനകാലം പൂർത്തിയാക്കി പെൻഷന് അർഹത നേടിയിട്ടുള്ള വിമുക്ത ഭടനാണെന്ന് തെളിയിക്കുന്ന പെൻഷൻ പേയ്മെൻറ് ഓർഡറും ഡിസ്ചാർജ് സർട്ടിഫിക്കറ്റും(അസ്സലും പകർപ്പും)

(5) **<u>കായികതാരങ്ങൾ</u>**: സ്പോർട്സ് കൗൺസിൽ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് (അസ്സലും പകർപ്പും)

(6) **<u>വികലാംഗർ</u>**: അംഗവൈകല്യം സംബന്ധിച്ച് മെഡിക്കൽ ബോർഡിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് (അസ്സലും പകർപ്പും)

(7) **<u>പേര്, ജനനത്തീയതി, ഒപ്പ്, ജാതി എന്നിവയിലുള്ള വ്യത്യാസം:</u>** പേര്, ജനനത്തീയതി, ഒപ്പ്, ജാതി എന്നിവയിൽ വ്യത്യാസം വരുത്തിയിട്ടുള്ള ഉദ്യോഗാർത്ഥികൾ ആയവ തെളിയിക്കുന്നതിനാവശ്യമായ ഗസറ്റ് വിജ്ഞാപനം(അസ്സലും പകർപ്പും)

(8) **<u>മറ്റേതെങ്കിലും അർഹത:</u>** മറ്റേതെങ്കിലും അർഹത ഉണ്ടെങ്കിൽ ആയവ തെളിയിക്കുന്നതിനുള്ള പ്രമാണം(അസ്സലും പകർപ്പും)

മുകളിൽ പറയും പ്രകാരമുള്ള സർട്ടിഫിക്കറ്റുകളും രേഖകളും വെരിഫിക്കേഷൻ സമയത്തിനുശേഷം ഹാജരാക്കുവാൻ അവസരം നൽകുന്നതല്ല.

അസ്സൽ പ്രമാണങ്ങളുടെ പരിശോധന സ്ഥലം, തീയതി, സമയം എന്നിവ ചുവടെ ചേർക്കുന്നു.

| ***<u>സ്ഥലം</u>*** | ***<u>തീയതി</u>*** | ***<u>സമയം</u>*** |
|---|---|---|
| കെ.പി.എസ്.സി.,ജില്ലാആഫീസ്, തിരുവനന്തപുരം | 11.11.2008 | 10.30 A.M. |

***(കമ്മീഷൻെറ ഉത്തരവിൻ പ്രകാരം)***

**ജില്ലാ ആഫീസർ,**
**കേരള പബ്ലിക് സർവീസ് കമ്മീഷൻ,**
**ജില്ല ആഫീസ്,തിരുവനന്തപുരം.**

*GdDTF.C2/28/10*